


VOL 3 ISSUE 1 JANUARY 2023

# ROOTS

Newsletter of Alumni Association of NSSCE

## This issue:



| | |
|---|---|
| Activities | Page 04 |
| News from Chapters | Page 05-07 |
| Articles/ Memoirs | Page 08-13 |
| @NSSCE | Page 14-16 |


## VISION

"To leapfrog into global excellence in technology and education in the present millennium."

## MISSION

"To be a premier institution producing self motivated professionals of global standards through quality education to meet the scientific and technological needs of the society."




എവിടെ പ്രവർത്തനത്തിൽ ആത്മാർത്ഥതയും ആത്മവിശ്വാസവും കാണുന്നുവോ അവിടെ വിജയമുണ്ട്. അതില്ലാത്തത് എല്ലാം പരാജയം അടയും അതാണ് എന്റെ ഭഗവത്ഗീത.

സമുദായ സേവനവും രാജ്യ സേവനവും രണ്ടല്ല അവർ ഒരേ അവസരത്തിൽ പച്ച കൊണ്ടിരിക്കുന്നതും വളർത്താവുന്നതും ആകുന്നു. പെറ്റമ്മയെ സ്നേഹിക്കാത്തവൻ ലോക സാഹോദര്യ ബോധം എങ്ങനെയാണ് ഉണ്ടാവുക.



Dear Readers,

The beginning of a new year allows us to reflect on the past and plan for the future. ROOTS Vol.2 also turns one today. Our newsletter strives to inspire pride in our institution, encourage dialogue on issues and present stories of our alumni, faculty and students. A huge thanks to all the contributors and readers of the newsletter and also look forward to your invaluable feedback and ideas for further improvement of the newsletter.

**Dr.Leena N**
**(1998-02 batch)**
**Managing Editor.**



# ANNUAL GENERAL BODY MEETING



Annual General Body Meeting of the Alumni Association was held on November 13th at the College Auditorium. Alumni members of 1970, 1971 and 1972 batch were honoured during the meet.



Honouring the Great Gurus - Former Principals - Dr. V.Balakrishna Panicker Sir, Prof. C.Somasekharan sir and Dr. T.V.Babu Rajendran Sir.




Newly Elected Executive Committee for 2022-2023.



Performance by College Band "Rudra" and Alumni members for AGB.



Dance performance by RDC for AGB.

# RECENT ACTIVITIES OF THE ASSOCIATION





**Sri.T.P.Sreenivasan**, Hon. Director of NSS Academy of Civil Services, Former Ambassador of India to USA, handled a session on 'In Pursuit of Civil Services' on 15th November, 2022.




**Dr.Unnikartha.G**, Professor, Federal Institute of Science and Technology, took a session on 'Skills for a Successful Career, Academics and Beyond' on 17th November, 2022.




The musical event DHWANI-3 was conducted on 18th December, 2022. The event was inaugurated by **Er. Neetha Balachandran**, Group Director (Retd.), VSSC, ISRO, Thiruvananthapuram.




**Sri.Devadas Parakkal**, Founder and CEO of Teknowmics, a software product company, interacted about 'Entrepreneurship - A dream career' on 22nd December, 2022.

# NEWS FROM CHAPTERS

## From UAE Chapter



Glimpses of UAE alumni meet on 5th November, 2022.



UAE Chapter - Committee 2022-23.

## From ANECX, Qatar Chapter



ANECX Qatar team performed at World Cup Football 2022, fan festival zone at Qatar.

# ഓർമ്മച്ചെപ്പിന് അരനൂറ്റാണ്ട് പ്രായം

വീണ്ടുമൊരിക്കൽകൂടി കലാലയജീവിതത്തിന്റെ ഉന്മാദകാലം അയവിറക്കാനായി ഒത്തുകൂടി. ഇപ്രാവശ്യം ഒരു പ്രത്യേകതയുണ്ടായിരുന്നു; ഞങ്ങൾ കണ്ടുമുട്ടിയതിന്റെ അമ്പതാം വാർഷികം. 2022-ൽ നിന്ന് 50 വർഷം പുറകോട്ട് സഞ്ചരിക്കുമ്പോൾ തിളങ്ങി നില്ക്കുന്ന 1972-ലാണ് NSS കോളേജ് ഓഫ് എൻജിനീയറിങ്ങിന്റെ തിരുനടയിലെത്തുന്നത്.

വിദ്യാലയജീവിതം പൂർത്തിയാക്കിയ ശേഷം 33 വർഷങ്ങൾ കഴിഞ്ഞ്, 2009-ൽ ഞങ്ങൾ നൊസ്റ്റാൾജിയ-76 എന്ന കൂട്ടായ്മയായി എറണാകുളത്ത് ഒത്ത്കൂടി. അമേരിക്ക മുതൽ സിംഗപ്പൂർ വരെയുള്ള രാജ്യങ്ങളിൽ നിന്ന് പറന്നിറങ്ങിയവരും ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ നിന്നെത്തിയവരും പിന്നീടെല്ലാ വർഷങ്ങളിലും സമ്മേളിച്ചു. ചെറുതും വലുതുമായ കൂടിച്ചേരലുകൾ അനുസ്യൂതം തുടർന്നു. രണ്ടു രാത്രികളിലും മൂന്നു പകലുകളിലുമായി തിരുവനന്തപുരം തൊട്ട് വയനാട് വരെയുള്ള വിവിധ റിസോർട്ടുകളിൽ വീണ്ടും വീണ്ടും സൗഹൃദ വാർഷികങ്ങളും ആഘോഷിച്ചു. ഈ വർഷത്തെ പുന:സമാഗമം ഒക്ടോബർ 29, 30, 31 തീയതികളിൽ മലമ്പുഴയിലെ ട്രിപെന്റ ഹോട്ടലിൽ വെച്ചായിരുന്നു. സൗഹൃദത്തിന്റെ അമ്പതാം വാർഷികത്തിൽ അനുഗ്രഹിക്കാനെത്തിയ ഞങ്ങളുടെ കാലഘട്ടത്തിലെ മെക്കാനിക്കൽ എഞ്ചിനീയറിങ്ങ് മേധാവി പ്രൊഫ. ബാലകൃഷ്ണപ്പണിക്കർ, സിവിൽ എഞ്ചിനീയറിങ്ങ് മേധാവി പ്രൊഫ. സോമശേഖരൻ, എലക്ട്രിക്കൽ എഞ്ചിനീയറിങ്ങ് മേധാവി പ്രൊഫ. ബാബുരാജേന്ദ്രൻ എന്നിവർ ഉജ്വലപ്രഭാഷണങ്ങളിലൂടെ 72-76 NSS കാലം അനാവൃതമാക്കി. വൈകുന്നേരത്തെ വിദ്യാലയസന്ദർശനവേളയിൽ, കോളേജിന്റേയും ഹോസ്റ്റലിന്റേയും പരിസരം ഒരിക്കൽകൂടി ഞങ്ങളെ കൗമാരജീവിതസ്മരണകളിലേക്ക് ആനയിച്ചു.

ജീവിത സായാഹ്നത്തിൽ വിശ്രമജീവിതം നയിക്കുന്ന ഞങ്ങൾ തീരുമാനിച്ചിരിക്കുന്നു, പിരിയില്ലയിനി ഞങ്ങൾ - NSS കലാലയ സതീർത്ഥ്യർ - കാരണം; ഞങ്ങൾക്കിനിയും മതിയായിട്ടില്ല NSS നൊസ്റ്റാൾജിയ. നൊസ്റ്റാൾജിയ-76, എല്ലാ വർഷങ്ങളിലേയും പോലെ കുടുംബാങ്ങളോടൊപ്പം, അടുത്തവർഷം ആഗസ്റ്റ് 12, 13, 14 തീയതികളിൽ കുമരകത്ത് സമ്മേളിക്കുന്നു.

**ജലീൽ എം എം**
**സെക്രട്ടറി.**











1966 batch Reunion at Thiruvananthapuram on November 21 and 22.



Reunion of 1987 batch on December 17 & 18 at Palakkad.

## ALUMNI ACHIEVEMENT





Dr. Thomas George receiving "Entrepreneur of the year" award of "Public Relations Council of India" at Kolkata.

# OUR FORE DRIVING FORCES



**PROF: P.C. EAPEN**
PRINCIPAL
1960 - 1961



**PROF: V.S. NAIR**
PRINCIPAL
1961 1964



**PROF: R.G. MENON**
PRINCIPAL
1964-1981



**Dr: V. BALAKRISHNA PANICKER**
PRINCIPAL
1981 - 1985



**PROF: C. SOMA SEKHARAN**
PRINCIPAL
1985 - 1990



**Dr: P.G. BHASKARAN NAIR**
PRINCIPAL
1990 - 1992



**Dr: T.V. BABU RAJENDRAN**
PRINCIPAL
1992 - 1999



**Dr: V.P. MOHANDAS**
PRINCIPAL
01.04.1999 - 31.07.2002



**Dr: K.S.M. PANICKER**
PRINCIPAL
01.08.2002 - 30.04.2005



**Dr: M.R. VIKRAMAN**
PRINCIPAL
2005 - 2011



**PROF: K. R. CHANDRASEKHARA PILLAI**
PRINCIPAL
01.04.2011 - 31.03.2014



**Dr: K. GEETHAVARMA**
PRINCIPAL
01.04.2014 - 31.05.2016



**Dr. SUDHA. V**
PRINCIPAL
2016 - 2021

# എഞ്ചിനീയറിംഗ് ഡ്രോയിംഗും, യക്ഷിയും ഞാനും

ചുവപ്പു മൂടിയ ഗുൽമോഹറിന്നടിയിലെ പുൽത്തകിടിയിൽ മലർന്നു കിടന്ന് ഞാൻ മലമ്പുഴ ഗാർഡൻസാകെയൊന്ന് വീക്ഷിച്ചു. വിജനമാണവിടം. അല്ലെങ്കിലും ഇത്ര രാവിലെ ആരു വരുവാൻ. സഞ്ചാരികളുടെ ഒഴുക്ക് തുടങ്ങണമെങ്കിൽ പന്ത്രണ്ടു കഴിയണം. കൗണ്ടറിൽ നിന്നുമാദ്യത്തെ ടിക്കറ്റ് വാങ്ങിയത് ഞാനാണ്. ഇതേ ഗുൽമോഹറിന്റെ ചുവട്ടിൽ ഇതുരണ്ടാം വട്ടമാണ്. ആദ്യം വന്നത് ജൂലൈയിലെ മഴയത്തെങ്കിൽ ഇത്തവണത്തേത് ഏപ്രിലിന്റെ ചൂടിൽ. വെറുതെ ആരെങ്കിലും ഇവിടെ വന്നിങ്ങനെ കിടക്കണമെങ്കിൽ തലയ്ക്ക് എന്തെങ്കിലും കുഴപ്പമുണ്ടാകണം. അങ്ങനെയില്ല എന്നു കാണിക്കുവാൻ ഞാൻ എം.ടി യുടെ കാലം എന്ന നോവൽ കൈയിൽ കരുതിയിരുന്നു. ഏതോ ബുദ്ധിജീവി വീട്ടിൽ സ്വൈരതയില്ലാഞ്ഞ് സമാധാനമായി വായിക്കുവാൻ വന്നതാണെന്ന് ആളുകൾ വിചാരിക്കട്ടെ. കാലത്തിലെ സേതു നമുക്ക് പറ്റിയ ആളാണ്. നോവൽ ഏതാണ്ട് പകുതിയായി. കുറച്ചു സമയം പ്രകൃതിയെ ആസ്വദിക്കാമെന്ന് കരുതിയപ്പോൾ ആ ഇരുണ്ട നിറമുള്ള സുന്ദരി എന്നെ നോക്കിയിരിക്കുന്നു. ആ വടിവുകളും നിമ്നോതനങ്ങളും അത്യധികം ആകർഷണീയമായിരുന്നു. കാനായി സാറിനെയെങ്ങാനും കണ്ടാൽ യക്ഷിക്ക് കുറച്ചു കൂടി മുടിയാകാമായിരുന്നുവെന്ന് പറയണമെന്ന് മനസ്സിൽ കരുതി. സമയം 12 മണിയായി. കോളേജിൽ സെമിസ്റ്റർ പരീക്ഷ നടക്കുകയാണ്. അപ്പോഴാണ് ഞാനിവിടെ കാലവും വായിച്ച് സുരസുന്ദരിയുടെ കടാക്ഷവുമേറ്റ് അലസനായി ഒരു ഗുൽമോഹറിന്റെ ചുവട്ടിൽ ചരാചരങ്ങളുമായി സംവേദിച്ച് ശയിക്കുന്നത്. സൈഗാളിന്റെ സംഗീതവും കുറച്ച് സുലൈമാനിയും കൂടെയുണ്ടായിരുന്നുവെങ്കിൽ നിശ്ചയമായും ഞാനൊരു മലമ്പുഴ സുൽത്താനായേനേ. വർഷത്തിൽ രണ്ടു പരീക്ഷാ ദിവസങ്ങളിൽ എല്ലാവരെയും പോലെ രാവിലെ തന്നെ ഞാനും ഹോസ്റ്റലിൽ നിന്നും തയ്യാറായി ഇറങ്ങും. പരീക്ഷ എഴുതേണ്ടവർ കോളേജിലേക്കും ഞാൻ മലമ്പുഴയ്ക്കും തിരിക്കും. പരീക്ഷ കഴിഞ്ഞ് എല്ലാവരുമെത്തുമ്പോളേക്ക് ഞാൻ ഹോസ്റ്റലിലെത്തും. എല്ലാ പരീക്ഷയ്ക്കുമില്ല കേട്ടോ. ഒരേയൊരെണ്ണം മാത്രം. ഒന്നാം വർഷ എഞ്ചിനീയറിങ്ങ് ഡ്രോയിങ്ങ്. ഞങ്ങൾ തമ്മിൽ ചേർച്ചയില്ലാതായതെങ്ങനെയെന്ന് നിങ്ങൾക്ക് ഞാൻ പറഞ്ഞു തരാം.

ഒന്നാം വർഷം ഇലക്ട്രിക്കലിനും ഇലക്ട്രോണിക്സിനും ഒരുമിച്ചാണ് ക്ലാസ്സുകൾ. നിറയെ കുട്ടികളുണ്ട്. ആദ്യ വർഷമായതു കൊണ്ട് എല്ലാവരും ക്ലാസ്സിലുണ്ട്. ഞെങ്ങി ഞെരുങ്ങിയാണിരുപ്പ്. എഞ്ചിനീയറിംഗ് ഡ്രോയിങ്ങ് ഒരു പ്രധാന വിഷയമാണ്. അടിസ്ഥാന പാഠങ്ങളാണ് ഒന്നാം വർഷം പഠിപ്പിക്കുന്നത്. അടുത്തുതന്നെ പാസായ ഒരു ഗസ്റ്റ് ലക്ചറർ ആണ് ക്ലാസ്സെടുക്കുന്നത്. അദ്ദേഹം പറയുന്നത് എനിക്ക് മനസ്സിലാകുന്നില്ല. അങ്ങിനെ ഒന്നും മനസ്സിലാക്കാൻ സാധിക്കാതെ ആ വർഷം കഴിഞ്ഞു. തനിയെ പഠിക്കാൻ ശ്രമിച്ചെങ്കിലും വിഷയത്തിലേക്ക് പ്രവേശിക്കാൻ സാധിച്ചില്ല. മറ്റു വിഷയങ്ങൾക്ക് ഈ പ്രശ്നമില്ല. സ്വയം വായിച്ചു മനസ്സിലാക്കാം. ഒന്നാം വർഷ പരീക്ഷ കഴിഞ്ഞു. ഈ വിഷയത്തിന് വെറും നാലു മാർക്കു വാങ്ങി ദയനീയമായി പരാജയപ്പെട്ടു.അതിൽ കൂടുതൽ എന്തെങ്കിലും ലഭിക്കുമെന്ന് പ്രതീക്ഷിച്ചിരുന്നുമില്ല. ആദ്യമായാണ് തോൽവിയറിയുന്നത്. ഒരു വിഷയം പോകുന്നതൊന്നും ഇവിടെ ഒരു തോൽവിയായി ആരും കരുതുന്നില്ല എന്നത് കൗതുകമായി. തോൽവി അനുസ്യൂതമായ പഠനത്തിലെ സ്വാഭാവിക പ്രക്രിയ മാത്രമാണ്. അതു കൊണ്ട് വലിയ മാനസിക വിഷമത്തിനൊന്നും സ്ഥാനമില്ല. കോളജിൽ ചേർന്ന് ആറു മാസം കഴിഞ്ഞപ്പോൾ കോഴ്സ് അവസാനിപ്പിച്ച് തിരികെ പോയി വല്ല മാത്സോ ഫിസിക്സോ ലിറ്ററേച്ചറോ എടുത്താലോയെന്ന് ഒരാലോചന ഞാൻ വീട്ടിലുയർത്തിയത് കേട്ടതായി പോലും ആരും ഭാവിച്ചില്ല. നാലു വർഷത്തിനുള്ളിൽ ഒന്നാം ക്ലാസ്സോടു കൂടിയല്ലാതെ തിരികെ വരേണ്ടെന്ന ഒരു ഭീഷണിയും അപ്പന്റെ വകയായുണ്ടായിരുന്നു. കോളേജിലേക്ക് എന്നെ അന്വേഷിച്ച് വീട്ടിൽ നിന്നാരും ഇതുവരെ വന്നിട്ടില്ല. ഇങ്ങനെ മറ്റൊരു മാർഗ്ഗവുമില്ലാത്ത അവസ്ഥയിൽ പുലിയെ അതിന്റെ മടയിൽ വച്ചു തന്നെ നേരിടാൻ തീരുമാനിച്ചു. എങ്ങിനെയെങ്കിലും ഈ വിഷയം പഠിക്കണം പാസാകണം. ആരുടെയെങ്കിലും സഹായമില്ലാതെ കാര്യം നടക്കുകയുമില്ല. അങ്ങനെ അന്വേഷിച്ചു നടന്നപ്പോൾ ഇതേ അവസ്ഥ നേരിടുന്ന മറ്റു രണ്ടു ഹതഭാഗ്യരെ കൂടി കണ്ടുമുട്ടി.

ഒടുവിൽ മെക്കാനിക്കൽ ബ്രാഞ്ചിലെ ചങ്ങാതിമാരാണ് മുകുന്ദൻകുട്ടി സാറിന്റെ പ്രാഗത്ഭ്യത്തെപ്പറ്റി പറഞ്ഞത്. അങ്ങിനെ ഒരു ദിവസം മെക്കാനിക്കൽ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റിന്റെ മുന്നിലെത്തി. മെക്കാനിക്കലും ഇലക്ട്രിക്കലും തമ്മിൽ വലിയ ബന്ധമില്ലാത്തതിനാൽ അദ്ധ്യാപകരെ പരിചയമില്ല. മെക്കാനിക്കലിലെ തോമസാണ് മുകന്ദൻകുട്ടി സാറിനെ കാണിച്ചു തന്നത്. സാറ് തനിച്ചായ സമയം നോക്കി നേരിട്ട് ചെന്നു. എഞ്ചിനീയറിംഗ് ഡ്രോയിങ്ങിൽ ഒരു സഹായം ഞാൻ ചോദിച്ചു. വലതു കൈയിലെ ചൂണ്ടുവിരലും നടുവിരലും മീശയിൽ ചേർത്തു വച്ച് ഞാൻ പറഞ്ഞതെല്ലാം അദ്ദേഹം ശ്രദ്ധയോടെ കേട്ടു. ഒടുവിൽ പിറ്റേന്ന് വരാൻ പറഞ്ഞു വിട്ടു. പിറ്റേന്ന് കണ്ടപ്പോൾ അഞ്ചു പേരെ സംഘടിപ്പിച്ചാൽ സ്പെഷ്യൽ ക്ലാസ് എടുത്തു തരാമെന്ന്  അദ്ദേഹം പറഞ്ഞു. നിലവിൽ ഞാനുൾപ്പടെ മൂന്നുപേർ ലിസ്റ്റിലുണ്ട്. മറ്റു രണ്ടുപേരെ കണ്ടെത്താനുള്ള ശ്രമത്തിലായി പിന്നീടു ഞങ്ങൾ. എല്ലാ ബ്രാഞ്ചിലെയും ക്ലാസ്സുകൾ കയറിയിറങ്ങി രണ്ടുപേരെ കൂടി സംഘടിപ്പിച്ചു. അങ്ങിനെ അഞ്ചു പേർ തികഞ്ഞ കാര്യം ഞാൻ ഉത്സാഹത്തോടെ മുകുന്ദൻകുട്ടി സാറിനെ അറിയിച്ചു. അങ്ങിനെയെങ്കിൽ ശനിയാഴ്ച രാവിലെ 9.30 നു ള്ള ശുഭ മുഹൂർത്തത്തിൽ സാറിന്റെ വീട്ടിലെത്താൻ അറിയിച്ചു. ഒലവക്കോട് - മലമ്പുഴ റെയിൽവേ ക്രോസ്സിനടുത്താണ് സാറിന്റെ വീട് . കോളേജിൽ നിന്നും ഏതാണ്ട് നാലു കി.മീ ദൂരം. അങ്ങിനെ കോളേജിന്റെ  ദേശീയ വാഹനമായ SNS ബസിൽ റെയിൽവേ ക്രോസ്സിങ്ങിൽ ഇറങ്ങി. വീടിരിക്കുന്ന സ്ഥലം ഞാൻ നേരത്തെ മനസ്സിലാക്കിയിരുന്നു. വീട്ടിലെത്തിയ ഞങ്ങളെ സാർ അകത്തേക്ക് വിളിച്ചു. ഒരു കൊച്ചു മുറിയിൽ ഞങ്ങളും സാറും മാത്രമായി. പരിചയപ്പെടലിനു  ശേഷം കാര്യത്തിലേക്ക് കടന്നു. വിരോധമില്ലെങ്കിൽ അവസാനം ഡ്രോയിങ്ങിനു കിട്ടിയ മാർക്ക് വെളിപ്പെടുത്താൻ ആവശ്യപ്പെട്ടപ്പോൾ മടിയൊന്നും കൂടാതെ എല്ലാവരും മാർക്ക് പറഞ്ഞു. സാർ എല്ലാം കേട്ടു.
"നിങ്ങൾക്ക് വിഷയത്തെ കുറിച്ച് എന്തറിയാം ?"
"ഒരു മിനി ഡ്രാഫ്റ്റർ കൈയിലുണ്ടെന്നതല്ലാതെ എനിക്കൊന്നുമറിയില്ല " ഞാൻ പറഞ്ഞു. മറ്റുള്ളവരും ഇത് ശരിവച്ചു.
"നന്നായി, ഒന്നുമറിയാതിരിക്കുന്നതാണ് തെറ്റായി മനസ്സിലാക്കിയതിനേക്കാൾ നല്ലത്. നിങ്ങൾ ഭയക്കേണ്ട കാര്യമില്ല. പരീക്ഷയ്ക്ക് മൂന്നു മാസം സമയമുണ്ട്. എല്ലാ ശനിയും ഞായറും ക്ലാസ് ഉണ്ടാവും. കൂടാതെ നമ്മുടെ കോളേജിൽ ധാരാളം സമരങ്ങൾ ഉണ്ടല്ലോ. ആ ദിവസങ്ങൾ കൂടി നമുക്ക് ഉപയോഗിക്കാം. നിങ്ങൾക്ക് എന്തെങ്കിലും അറിയാമെങ്കിൽ അതു കൂടി മറന്നേക്കുക. തികഞ്ഞ ആഗ്രഹത്തോടും അച്ചടക്കത്തോടും കൂടി ശ്രമിക്കുക. എല്ലാവർക്കും 60 ശതമാനത്തിനു മകളിൽ മാർക്ക് ഞാൻ ഉറപ്പു തരാം . ബാക്കി നിങ്ങളുടെ പരിശ്രമം പോലിരിക്കും. "
ഇങ്ങിനെ അദ്ദേഹം ഞങ്ങളുടെ ആത്മവിശ്വാസത്തെ ഉദ്ദീപിപ്പിച്ചു. എങ്ങനെയെങ്കിലും ജയിച്ചാൽ മതിയെന്നാണ് ഞങ്ങളുടെ ആഗ്രഹം. സമയം ഒട്ടും കളയാതെ അദ്ദേഹം ക്ലാസ്സിലേക്ക് കടന്നു. വളരെ ലളിതമായി അടിസ്ഥാന തത്വങ്ങൾ  എല്ലാവർക്കും മനസ്സിലാവും വിധം വിശദീകരിച്ചു. രണ്ടു മണിക്കൂർ കടന്നു പോയതറിഞ്ഞില്ല. ഞങ്ങളെ ഒട്ടും സമ്മർദ്ദത്തിലാക്കാതെ, വളരെ എളുപ്പത്തിൽ പഠിക്കാവുന്നതാണ്  എഞ്ചിനീയറിംഗ് ഡ്രോയിങ്ങെന്ന് ആദ്യ ദിവസം തന്നെ അദ്ദേഹം ഞങ്ങളെ ബോധ്യപ്പെടുത്തി. എല്ലാവരും വലിയ ആത്മവിശ്വാസത്തോടെയാണ് മടങ്ങിയത്. അന്നാദ്യമായി ഞാൻ വളരെ സന്തോഷത്തോടെ എഞ്ചിനീയറിംഗ് ഡ്രോയിങ്ങ് തുറന്നു. അദ്ദേഹം പറഞ്ഞതും ഞങ്ങൾക്ക് നോട്ടായി തന്നതും വീണ്ടും വായിച്ചു. ഇത്തവണ മലമ്പുഴ യാത്ര ഉപേക്ഷിക്കണമെന്ന് മനസ്സിൽ തീർച്ചപ്പെടുത്തി. അങ്ങിനെ ക്ലാസ്സുകൾ മുന്നോട്ടു പോയി. കോളേജിലേക്ക് നാലോ അഞ്ചോ ട്രിപ്പ് മാത്രമേ ബസ് സർവ്വീസ് ഉള്ളൂ. അതു കൊണ്ട് തിരിച്ചു വരുന്നത് മിക്കവാറും നടന്നാണ്. സമരം മൂലം റെഗുലർ ക്ലാസ്സ് മുടങ്ങിയാൽ കോളേജിൽ വച്ച് സാറിനെ കണ്ട് അന്ന് ട്യൂഷൻ അറേഞ്ച് ചെയ്യും. ഇങ്ങനെ വളരെ പരിശ്രമിച്ച് അഞ്ചു പേരും സാവധാനത്തിൽ എന്നാൽ സാറിന്റെ കണക്കുകൂട്ടലുകൾക്ക് അനുസരിച്ച് മുന്നേറി. അങ്ങിനെ മൂന്നു മാസം കൊണ്ട് സിലബസ്  തീർത്തു. പിന്നീട് പരീക്ഷ നടക്കുന്ന ദിവസത്തിന്റെ തലേന്നു വരെയുള്ള രണ്ടാഴ്ച്ച സമയം പഴയ ചോദ്യപേപ്പറുകൾ വച്ച് പ്രാക്ടിക്കൽസ് നടത്തി. ഏതായാലും അത്തവണ പരീക്ഷയ്ക്ക് തികഞ്ഞ ആത്മവിശ്വാസത്തോടെയാണ് ഞങ്ങൾ അഞ്ചു പേരും പോയത്. ഞങ്ങൾ ചെയ്തു പരിശീലിച്ചതു പോലെ തന്നെയുള്ള ചോദ്യങ്ങൾ.

ഡ്രോയിങ്ങ് ബോർഡുകൾ നിറഞ്ഞ വലിയ ഒരു ഹാളിലാണ് പരീക്ഷ നടക്കുന്നത്. സാധാരണ പരീക്ഷയ്ക്കു മുൻപുള്ള മാനസിക സമ്മർദ്ദമില്ല. അങ്ങിനെ ആദ്യമായി ആത്മവിശ്വാസത്തോടെ പരീക്ഷയെ നേരിട്ടു. മിനി ഡ്രാഫ്റ്റർ ബോർഡിൽ ഘടിപ്പിച്ചതിനു ശേഷം സമയം പോയതറിഞ്ഞില്ല. മൂന്നു മണിക്കൂറിനുള്ളിൽ എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതി. അങ്ങിനെ വിജയകരമായി ആ ഘട്ടം പൂർത്തിയാക്കി. പിറ്റേന്ന് മുകുന്ദൻകുട്ടി സാറിന്റെ വീട്ടിൽ അവസാന ക്ലാസ്സ് നടന്നു. ചോദ്യ പേപ്പർ ഒന്നുകൂടി വിലയിരുത്തപ്പെട്ടു. ക്ലാസ്സിന് അവസാനം എല്ലാവരും 60 ശതമാനത്തിനു മുകളിൽ സ്കോർ ചെയ്യുമെന്ന് വീണ്ടും അടിവരയിട്ട് അദ്ദേഹം ഉറപ്പു പറഞ്ഞു. ഞങ്ങൾ സന്തോഷത്തോടെ തിരിച്ച് ഹോസ്റ്റലിലെത്തി. പിന്നീട് പരീക്ഷയുടെ ഫലം വന്നപ്പോൾ എല്ലാവർക്കും ഫസ്റ്റ് ക്ലാസ്സിനു മുകളിൽ മാർക്കുണ്ട്. മെക്കാനിക്കൽ എഞ്ചിനീയറിങ്ങ് ഡിപ്പാർട്ട്മെന്റിൽ വച്ച് ഞങ്ങൾ അദ്ദേഹത്തിന് ചുറ്റും കൂടി നന്ദി പറഞ്ഞു. അദ്ദേഹമാണെങ്കിൽ താൻ പ്രത്യേകിച്ചൊന്നും ചെയ്തിട്ടില്ല, നിങ്ങളുടെ കഴിവു കൊണ്ട് നിങ്ങൾക്ക് മാർക്ക് കിട്ടിയെന്നു മാത്രമാണ് പറഞ്ഞത്.

ഏതായാലും മുകുന്ദൻ കുട്ടി സാറിന്റെ സഹായമില്ലാതെ ഞാൻ എഞ്ചിനീയറിംഗ് ഡ്രോയിങ്ങ് പാസാകുമായിരുന്നുവെന്ന് അന്നും ഇന്നും വിശ്വസിച്ചിട്ടില്ല. മലമ്പുഴ ഗാർഡൻസിൽ പിന്നീട് പോയപ്പോഴൊക്കെ ഗുൽമോഹറിന്റെ ചുവട്ടിൽ ആ സുന്ദരിയെ നോക്കി വീണ്ടുമിരുന്നിട്ടുണ്ട്. കാലം പരുക്കേൽപിക്കാത്ത കത്തുന്ന സൗന്ദര്യത്തോടെ അവൾ വീണ്ടുമെന്നെ കടാക്ഷിച്ചു. ഭാര്യയും മക്കളുമൊത്ത് അവസാനം മലമ്പുഴയിൽ പോയപ്പോൾ ഒരിക്കൽ കൂടി ആ ഗുൽമോഹറിന്റെ ചുവട്ടിലിരുന്ന് യക്ഷിയും ഞാനും എന്ന കഥ അവരോടു പറഞ്ഞു.

ഇപ്പോൾ നിങ്ങളോടും.



**Tom K Joseph**
**1988-1992 Electrical Batch**
**Self employed professional.**







**Illustration by Bhavya AJ S5CA.**

# FROM STUDENTS' DESK

## Life as we know…

The world is filled with busy places. Places that have not known quiet for years. Places that run like a clock. For most of my life I have associated the notion of normalcy with such an environment. Even through the COVID years I was witnessing people around me consistently finding new ways to be engaged in activities. My entire view collapsed when I arrived at NSS. The quietness of the place almost hit me like a wave. The routines were not clear. What did people do here? There were no crowded places, no traffic jams, yet people lived here. It was a lot of confusion. Hearing about places and actually trying to adapt there are totally different situations. I know people experience situations in different ways still, I will be writing about some of the observations I have made about this place. The first thing I noticed was there were many students from cities all over the state. I think many of them were in the same situation I was in. College hours ran smoothly with everyone engaged in classes. It was after classes, the diversity revealed itself. First of all let me tell you that this article is about people who were actively trying to adapt. There was another class who blamed this institution for its geographical isolation and conservative views, but I am talking about that class who found something unique of their own interest, something that could have been discovered only here, and is still trying to make this phase one of the best of their life.

I saw formation of groups. I have seen groups before, in my school years, but this was unlike those. I could see productivity rushing through the veins of these groups. I realized that people were discovering that there were others with their same views and interests. The silence of the landscape led to something actually amazing; actual, real, conversations. Every walk I take through the college afterhours presents me with these amazing glimpses of creativity. Who knew idle time would lead to something so precious?

People were discovering that they were actually maturing. It is not about any of their external traits, but about their emotional state. Many of the problems they thought they could deal with, was out of their grasp. Many things they thought they would never have to confront with in their real life were presenting itself in every turn. A city life or whatever the situations they faced before, they realized, I think, is not consistent. One could argue that this can also be due to their age, but I think this place plays a huge role in the lives of everyone living here.

Then, I saw another type of groups. Real support groups among friends. I am not talking about people who are there for every upside in someone's journey and leaves them stranded when even a hint of difficulty presents itself. While I observed creativity in first type of groups, here I saw families being created. I witnessed formation of bonds that would last a lifetime. These kinds of bonds don't form in a city where people don't have time to greet each other. There are exceptions, but here, at NSSCE, it is a common occurrence. I don't know how many can relate to the above observations. Nevertheless, every time I walk through the gates of the campus, it is a different experience for me. I see the defects of this place, the outdated mentality of the area, but I never take it as the essence of this campus. The essence is what we make of it. The choice is for each individual to make, and mind you, choice is an amazing weapon.

**RIYAN J**
**S5MB.**



# ആറി തണുത്ത ചായ !!

ആവി പറക്കുന്ന ചായ മേശപ്പുറത്ത് ശിലാസ്ഥാപനം നടത്തിയടത്തു നിന്ന് അണുവിട മാറിയില്ല. ആരുടെ എങ്ങാനും ചുണ്ടിൽ പൊള്ളിച്ച് വർഷങ്ങളായി മോചനം കാത്തു കിടക്കുന്ന ചെറു നാവിനെ ആർദ്രമായി തലോടാൻ അതിനു സാധിച്ചേക്കും. കരി പുരണ്ട ശ്മശാനത്തിൽ ഗതി കിട്ടാത്തവൾ പുകയൂതി ഉണ്ടാക്കിയതിനാലാവണം അതിനീ കഴിവ് !!
ഗദ്ഗദം പൂണ്ട നാവിനുന്മേഷമായി മാറിയാലോ എന്ന ആശയുമായി ചായ വീണ്ടും മേശപ്പുറത്ത് ആരെയോ പ്രതീക്ഷിച്ചു. പലരും ഓടി നടക്കുന്നുണ്ടായിരുന്നു ആ മേശയ്ക്കു ചുറ്റും. ആരുടേയും കണ്ണ് ചായയ്ക്കുമേൽ പതിച്ചില്ല. മക്കൾ മേശയ്ക്കിരുപുറവുമിരുന്ന് ദോശയ്ക്കുമേൽ ചമ്മന്തി ആഹൂതി അർപ്പിച്ചു. ' കട്ടൻ വേണ്ടെന്ന് പറഞ്ഞ്, ചൂടുപാൽ തൊണ്ടയിലേക്ക് ഒഴുക്കി ...' പറക്കുന്ന ഘടികാരത്തിനുമേൽ കയറി സ്റ്റിയറിംഗ് അനക്കി. നീണ്ട ഗോവണിയിറങ്ങി, പത്രത്തെ പ്രൗഢഗംഭീരമായി കൈയിൽ വരവേറ്റ് ധൃതിയിൽ ഏന്തിവലിഞ്ഞ് നടക്കുന്ന ഗൃഹസ്ഥനെ കണ്ടപ്പോൾ ചായയ്ക്ക് ആശ്വാസമായി. ഇദ്ദേഹം എന്തായാലും എന്നെ എടുക്കും. മേശപ്പുറത്തൊന്നെത്തിനോക്കി അരോഗദൃഢഗാത്രനായ അദ്ദേഹം ബൂട്ടണിഞ്ഞ് പുറത്തേക്കിറങ്ങി. വൈകുന്നേരവും ആറിത്തണുത്ത് ചായ ഇരിപ്പുണ്ടായിരുന്നു. ജീവിത ചക്രം പൂർത്തിയാക്കി മടങ്ങിയ അമ്മയ്ക്കു മുന്നിൽ എണ്ണ വറ്റും വരെ എരിഞ്ഞടങ്ങിയ ചിരാതും മേശപ്പുറത്ത് കാത്തിരുന്ന് പരാജിതനായ ചായയും ഇന്നിപ്പോൾ തണുത്തിരിയ്ക്കുന്നു. ഒന്നു നോക്കാമായിരുന്നു അല്ലേ ?
പഞ്ചസാരയിട്ട് മുന്നിൽ മുടങ്ങാതെ അമ്മ എത്തിച്ച ചായ, ഇളക്കിക്കുടിക്കെന്ന് പറഞ്ഞപ്പോൾ മടിയായിരുന്നു. ഇന്നിപ്പോൾ തോന്നുന്നു അതൊന്നിളക്കാമായിരുന്നു. തോന്നലാവാം ......
അജ്മീറിൽ പോയി നട്ടുച്ചയ്ക്ക് ചൂടു കട്ടൻ മോന്തണമെന്നേതോ ഭ്രാന്തൻ പറഞ്ഞ പോലെ, തോന്നലാവാം ......!



**ഗംഗാദേവി. കെ**
**S5CA.**



# @NSSCE



IE(I) Electrical chapter conducted a two day hands-on workshop on Embedded System Design and IoT on 26th and 27th of November, 2022.




Computer Science and Engineering department of our college has got NBA accreditation upto 30-06-2025.



Session by Er.Ajith Mohan.P (1983-87 batch ME) and Dr.Rajan (1982-96 batch EEE) as part of orientation for First year students.



Session on Life Skills by Er.K.A.Nandajan (1982-86 batch ME) as part of Orientation for First Year students, which marked the beginning of the Mentoring Programme envisaged.



Vishnu T S, Civil alumnus (2016 batch) handled a session as part of Student Induction Programme.




Activities undertaken by NSS units 128 & 198 : a)Handed over necessary items to people & students of Attappadi, b)Free Diabetes Camp in association with Palakkad diabetics center, c)Planted new saplings by ‘Samrudhi', d)Fund raising campaign as part of Kalpathy Ratholsavam, e)Hair donation campaign in association with Hair bank, f)Human chain against drug usage, g)A quiz based on Indian polity and constitution in connection with Constitution Day.



NSS team won First prize in University events : a) Badminton-Men's, b) Basketball-Women's, c) Handball-Men's.



Books were donated to Civil Engineering Department by Dr.M.Dinesh Kumar of 1983-87 batch.



Alumni Association donated books written by Sri.T.P. Sreenivasan, Former Ambassador of India to College library.

## OFFICE BEARERS OF THE NSS COLLEGE OF ENGINEERING ALUMNI ASSOCIATION
## (formed in the AGB held on 25 September 2021)

**President:**
Dr.P.R.Sreemahadevan Pillai (1978-83)

**Working President:**
Dr.P.R.Suresh, Principal

**Secretary:**
Dr.Vasanthi V (1992-96)

**Jt. Secretary:**
Prof.Murari K. (1973-77)

**Treasurer:**
Prof.Santhosh Kumar S. (1987-91)

**Members:**
1. Er.Kesavan A. (1965-70)
2. Dr.Umadevi P.P. (1981-86)
3. Er.Ajith Mohan P. (1983-87)
4. Er.Raji K.P. (1985-89)
5. Prof.Anjali S.Nair (1999-03)
6. Dr.Leena N. (1998-02)
7. Dr.Praseeda K.I. (1999-03)
8. Prof.Vaisakh Thampi (2008-12)

**Chief Editor:** Dr.P.R.Sreemahadevan Pillai

**Editorial Advisor:** Dr.C.K.Subramania Prasad

**Managing Editor:** Dr.Leena N.

**Coordinating Editor:** Athira S.L.

**Editorial board members:**
Dr.Umadevi P.P.
Prof.Krishnachandran V.N.
Er.Ajith Mohan P.
Er.Niranjan T.G.
Er.Lijin N.T.

**CONNECT US**